പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3587 26.06.2012-ൽ മറുപടിയ്ക്ക്

## എസ് സി/എസ് ടി വിഭാഗക്കാർക്ക് സൗജന്യ വൈദ്യുതി വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മോൻസ് ജോസഫ്: | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്തെ പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് ഇലക്ട്രിക് പോസ്റ് സൗജന്യമായി നൽകി വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്ന പദ്ധതി നിർത്തലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) 2005 ൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച സപ്ളൈ കോഡ് പ്രകാരം പട്ടിക ജാതി - പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് വിതരണ ലൈൻ നീട്ടാതെയുള്ള വൈദ്യുതി കണക്ഷൻ സൗജന്യമായി അനുവദിക്കാനേ വ്യവസ്ഥ ചെയ്തിട്ടുള്ളൂ. എന്നാൽ മുമ്പ് നിലവിലിരുന്ന ചട്ടങ്ങളുടെ അടിസ്ഥാനത്തിലുള്ള സൗജന്യ കണക്ഷനുകൾ കെ. എസ്. ഇ. ബി തുടർന്നും നൽകിയിരുന്നു. 25-08-2011-ലെ ഉത്തരവിലൂടെ സപ്ളൈ കോഡിലെ വ്യവസ്ഥകൾ കർശനമായി പാലിക്കണമെന്ന് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ 28-10-2011 മുതൽ പുതിയ ചട്ടങ്ങൾ അനുസരിച്ചു മാത്രമേ ബോർഡ് ഇപ്പോൾ കണക്ഷനുകൾ നൽകുന്നുള്ളൂ. |
| (ബി) പോസ്റ് കിട്ടാത്തതു മൂലം കണക്ഷൻ ലഭിക്കാത്ത എസ് സി/എസ്.ടി വിഭാഗത്തിൽപ്പെട്ട എത്ര ഉപഭോക്താക്കളുടെ അപേക്ഷ കെട്ടി കിടക്കുന്നുവെന്ന് വ്യക്തമാക്കാമോ; | (ബി) ഈ വിഭാഗത്തിൽ പോസ്റ്റ് ആവശ്യമുള്ള 371 വൈദ്യുതി കണക്ഷനുകൾ കൊടുത്തു തീർക്കുവാനുണ്ട്. |
| (സി) എസ് സി/എസ് ടി വിഭാഗക്കാർക്ക് സൗജന്യ വൈദ്യുതി വിതരണം എന്ന പദ്ധതിക്ക് അംഗീകാരം നൽകുമോ? | (സി) 1000 വാട്ട്സിനു താഴെ കണക്ടഡ് ലോഡുള്ള എസ്.സി/എസ്.ടി വിഭാഗത്തിൽപ്പെടുന്ന അപേക്ഷകർക്ക് സപ്ളൈ കോഡിലെ വ്യവസ്ഥകൾ അനുസരിച്ച് സൗജന്യ വൈദ്യുതി കണക്ഷനുകൾ നൽകുന്നുണ്ട്.<br>കേന്ദ്രാവിഷ്കൃത പദ്ധതിയായ രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ ബി. പി. എൽ കുടുംബങ്ങൾക്കും കണക്ടഡ് ലോഡ് പരിധിയില്ലാതെ സൗജന്യ വൈദ്യുതി കണക്ഷനുകൾ നൽകുവാനുള്ള നിർദ്ദേശം ബോർഡ് നൽകിയിട്ടുണ്ട്. പട്ടണ പ്രദേശത്ത് ആർ.എം.പി. ഡി. ആർ. പി പദ്ധതിയിലും, ഗ്രാമപ്രദേശങ്ങളിൽ ആർ. ജി. ജി. |

വി. വൈ പദ്ധതിയിലും വൈദ്യുതി കണക്ഷനുകൾ നൽകുന്നതിനുള്ള ലൈൻ നീട്ടൽ പ്രവൃത്തികൾ ചെയ്യാൻ വേണ്ട നിർദ്ദേശം കൊടുത്തിട്ടുണ്ട്.

സൗജന്യ വൈദ്യുതി കണക്ഷനുകൾ നിർത്തലാക്കിയിട്ടില്ല. റഗുലേറ്ററി കമ്മീഷന്റെ നിർദ്ദേശപ്രകാരം സൗജന്യ വൈദ്യുതി കണക്ഷൻ പദ്ധതികൾ ക്രമീകരിക്കുക മാത്രമാണ് ചെയ്തത്.

വികലാംഗർ. അർബുദ രോഗികൾ തുടങ്ങിയവർക്ക് സൗജന്യമായി വൈദ്യുതി കണക്ഷനുകൾ നൽകുന്നതിനുള്ള പ്രവൃത്തികൾ ഒരു പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്ന കാര്യം പരിഗണനയിലുണ്ട്.

**സെക്ഷൻ ഓഫീസർ.**